


നമുക്ക് തീർത്തും അപരിചിതവും വിചിത്രവും രസകരവുമായ അനേകം സ്കൂളുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അത്തരം ചില സ്കൂളുകളെ പറ്റി പറയാം.

**അശ്കർ കബീർ**

# ഇങ്ങനെയുമുണ്ട് കുറേ സ്കൂളുകൾ



രുചിക ട്രെയിൻ പ്ലാറ്റ്ഫോം സ്കൂൾ

ഭുവനേശ്വരിലെ ഒരു സ്വകാര്യ സ്കൂളിലെ അധ്യാപികയായിരുന്ന ഇന്ദ്രജിത് ഖുറാന തുടക്കമിട്ട സ്കൂളാണ് രുചിക ട്രെയിൻ പ്ലാറ്റ്ഫോം സ്കൂൾ. പേര് സൂചിപ്പിക്കുന്നതു പോലെ റെയിൽവേ പ്ലാറ്റ് ഫോമാണ് സ്കൂളായി മാറിയത്. ഒരു ട്രെയിൻ യാത്രക്കിടെ കരഞ്ഞുകൊണ്ട് ഭിക്ഷ യാചിച്ച് തന്റെയടുക്കലെത്തിയ ചെറിയൊരു കുട്ടിയിൽ നിന്നാണ് സ്കൂളിന്റെ തുടക്കം. എന്തുകൊണ്ട് സ്കൂളിൽ പോയില്ലെന്ന് ചോദിച്ചപ്പോൾ അച്ഛനില്ലാത്ത ആ കുട്ടിക്ക് അമ്മയെ സംരക്ഷിക്കാൻ യാചന മാത്രമേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ എന്ന് പറഞ്ഞു.

തുടർന്നുള്ള ട്രെയിൻ യാത്രകളിലും ഇത്തരം ധാരാളം കുട്ടികളെ കണ്ടുമുട്ടിയ ഇന്ദ്രാണിക്ക് ഒരു കാര്യം ബോധ്യമായി. ട്രെയിനിന്റെ സമയമനുസരിച്ച് ജീവിതം മുന്നോട്ട്

**ബാലവേല നിരോധന നിയമം വന്നത്– 1986 – ൽ**



ബംഗ്ലാദേശിലെ ബോട്ട് സ്കൂൾ

കൊണ്ടുപോകുന്ന അവരെ സ്കൂളിൽ കൊണ്ടിരുത്താനാകില്ല. അപ്പോൾ എന്തു ചെയ്യും എന്ന് ഒരുപാട് ആലോചിച്ചതിന്റെ ഫലമായാണ് 1985-ൽ രുചിക സ്കൂൾ സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ കീഴിൽ രാജ്യത്തെ ആദ്യ ട്രെയിൻ പ്ലാറ്റ് ഫോം സ്കൂൾ നിലവിൽ വരുന്നത്.



ഇന്ദ്രജിത് ഖുറാന

തുടർന്ന് ഇത്തരം 12 പ്ലാറ്റ്ഫോം സ്കൂളുകളും രൂപം കൊണ്ടു. ഇതുവരെയായി നാലായിരത്തിലധികം കുട്ടികൾ പ്ലാറ്റ്ഫോം സ്കൂളിൽ നിന്ന് പഠിച്ചിറങ്ങിക്കഴിഞ്ഞു. ഈ സ്കൂളുകൾ കൂടാതെ രാജ്യത്തെ വിവിധ ചേരിപ്രദേശങ്ങളിലായി 75-ലധികം സ്കൂളുകളാണ് ഇന്ദ്രാണി സ്ഥാപിച്ചത്.

## ബംഗ്ലാദേശിലെ ബോട്ട് സ്കൂളുകൾ

വെള്ളപ്പൊക്കങ്ങളുടെയും ബോട്ടപകടങ്ങളുടെയും ദാരിദ്ര്യത്തിന്റെയും നാട് കൂടിയാണ് നമ്മുടെ തൊട്ടയൽരാജ്യമായ ബംഗ്ലാദേശ്. ഓരോ രണ്ട് വർഷവും കൂടുമ്പോഴുണ്ടാകുന്ന വെള്ളപ്പൊക്കങ്ങളിൽ ലക്ഷക്കണക്കിന് പേരാണ് ഭവനരഹിതരാകുന്നത്. കുടിവെള്ളവും വൈദ്യുതിയും അവർക്ക് ലഭിക്കാതാകുന്നു.





ഇന്ത്യയിലെ ആദ്യത്തെ വനിതാ ക്യാബിനറ്റ് മന്ത്രി- രാജ്കുമാരി അമൃത് കൗർ



ഡോങ് സോങ് മിഡ് കേവ് പ്രൈമറി സ്കൂൾ

രാജ്യത്തെ എൻ.ജി.ഒ ആയ ശിദുലായി സ്വനിവർ സംഘസ്തയുടെ നേതൃത്വത്തിൽ 2002 -ൽ നിരവധി ഭവനങ്ങൾക്കും ആരോഗ്യ കേന്ദ്രങ്ങൾക്കുമൊപ്പം 100 ബോട്ടുകളിൽ സ്കൂളുകളുമാരംഭിച്ചു. സോളാർ വൈദ്യുതിയിലാണ് സ്കൂളിന്റെ പ്രവർത്തനം. ലാപ്ടോപ്പും ഇന്റർനെറ്റും മനോഹരമായൊരു ലൈബ്രറിയും അവിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതുവരെയായി 70,000 കുട്ടികളാണ് ഇതിന്റെ ഉപഭോക്താക്കളായി മാറിയത്.

### ഡോങ് സോങ് മിഡ് കേവ് പ്രൈമറി സ്കൂൾ

ചൈനയിലെ ഗുയിസോ പ്രവിശ്യയിലെ മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന മനോഹരമായൊരു ഗ്രാമമാണ് മിയാഒ. ചൈനയിലെ ഏറ്റവും ദരിദ്ര മേഖലകളിലൊന്നായ ഇവിടെ 1984 വരെ ഒരു സ്കൂൾ പോലുമുണ്ടായിരുന്നില്ല. തങ്ങളോടുള്ള സർക്കാറിന്റെ അവഗണനയിൽ സഹികെട്ടാണ് 8 അധ്യാപകരും 186 വിദ്യാർത്ഥികളുമായി നാട്ടുകാർ മലകൾക്കിടയിലെ ഡോങ് സോങ് ഗുഹയിൽ സ്കൂൾ തുടങ്ങിയത്. എന്നാൽ 23 വർഷത്തിനു ശേഷം ചൈനീസ് ഭരണകൂടം ആ സ്കൂൾ അടച്ച് പൂട്ടിക്കുകയും ചെയ്തു.

### ബ്രൂക്ക് ലിൻ ഫ്രീ സ്കൂൾ

ന്യൂയോർക്ക് നഗരത്തിലെ ബ്രൂക്ക് ലിൻ ഫ്രീ സ്കൂളിൽ പഠിക്കാൻ ഏത് കുട്ടിയും ആഗ്രഹിച്ചു പോകും. 4 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്ക് ലോവർ സ്കൂളും 11 മുതൽ 12 വയസ്സുവരെയുള്ളവർക്ക് അപ്പർ സ്കൂളും എന്നിങ്ങനെയാണ് ക്ലാസുകൾ തരം തിരിച്ചിട്ടുള്ളത്.

കരിക്കുലമോ ടൈം ടേബിളോ ഹോംവർക്കോ പരീക്ഷയോ ഒന്നുമില്ലാത്ത സ്കൂൾ കൂടിയാണിത്. മാത്രമല്ല, ഓരോരുത്തർക്കും അവർക്കിഷ്ടമുള്ള വിഷയം തെരഞ്ഞെടുത്ത് പഠിക്കുകയുമാവാം. ഇഷ്ടമുള്ള ക്ലാസും തെരഞ്ഞെടുക്കാം. വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി എല്ലാ ആഴ്ചയും സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് യോഗവുമുണ്ട്.

### റഷ്യയിലെ നൊമാഡിക് സ്കൂൾ

ധാരാളം നാടോടി ഗോത്രങ്ങളുള്ള രാജ്യം കൂടിയാണ് റഷ്യ. നിരന്തരം സഞ്ചരിച്ചു കൊണ്ടിരിക്കുന്ന നാടോടികൾക്കായുള്ള അനേകം സ്കൂളുകളിലൊന്നാണ് കെനെലിക്കൻ. നാടോടി ടെന്റിന്റെ രൂപമാണ് സ്കൂളിന്. സാറ്റലൈറ്റും ഇന്റർനെറ്റുമുള്ള സ്മാർട്ട് റൂമുകളിലാണ് ക്ലാസുകൾ പ്രവർത്തിക്കുന്നത്.

നിർഭയ കേസ് അന്വേഷിച്ച കമ്മീഷൻ- വർമ്മ കമ്മീഷൻ

## ഇസ്രായേലിലെ അഭയാർത്ഥികൾക്കുള്ള സ്കൂൾ

സംഘർഷ മേഖലകളായ ഫലസ്തീൻ-ഇസ്രായേൽ മേഖല അനേകം അഭയാർത്ഥികളുടെ ഭൂമി കൂടിയാണ്. ഇത്തരം അഭയാർത്ഥി കുട്ടികൾക്കായുള്ള ഇസ്രായേലിലെ സ്കൂളാണ് ബ്യാലിക് റൊഗോസിൻ. വിദ്യാദ്യാസത്തോടൊപ്പം ഭക്ഷണവും അവശ്യ സാധനങ്ങളും ഇവിടെ നൽകുന്നുണ്ട്.

ഇതുപോലെ വ്യത്യസ്തമായ സ്കൂളുകൾ ഇനിയുമുണ്ട് ധാരാളം. അവ കൂട്ടുകാർ അന്വേഷിച്ച് കണ്ടെത്തൂ.



അഭയാർത്ഥികൾക്കുള്ള സ്കൂളിൽ

## പന്തിനു പകരം പാമ്പ്



ഡ്വാഫ് ബോ എന്ന ഇനം പാമ്പുകളെ വേണമെങ്കിൽ ഒരു പന്തായി ഉപയോഗിക്കാം. പിടിക്കുമ്പോൾ അത് തേരട്ടയെപ്പോലെ ചുരുണ്ടു കൂടും. ചുരുളും എന്നല്ല. പന്തിന്റെ ആകൃതിയിൽ ഉരുണ്ടു കൂടും എന്നതാണ് ശരി. അപ്പോൾ വേണമെങ്കിൽ അതിനെയെടുത്ത് പന്ത് എറിയും പോലെ എറിയാം. സ്വയം അഴിയാൻ അപ്പോഴവൻ മിനക്കെടില്ല. എന്നാൽ ആ പന്ത് താഴെ വീണാലുടൻ അവൻ സ്വയം ചുരുളഴിച്ച് വളരെ വേഗം രക്ഷപ്പെടാൻ ശ്രമിക്കും.

സ്വതന്ത്ര സോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്- റിച്ചാർഡ് സ്റ്റാൾമാൻ